**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4620** **13-03-2023 - ൽ മറുപടിയ്ക്ക്**

**അഭിഭാഷകരംഗത്തുനിന്നും മറ്റ് തൊഴിൽമേഖല തേടി പോകുന്ന പട്ടികവിഭാഗക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നിയമ വിദ്യാഭ്യാസം നേടിയ പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടത്ര പിന്തുണ കിട്ടാത്തതിനാൽ അഭിഭാഷകരംഗത്തുനിന്നും മറ്റ് തൊഴിൽമേഖല തേടി പോകുന്ന സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | (എ) | **അഭിഭാഷകരംഗത്ത് നിന്നും ചെറിയ തോതിലെങ്കിലും പട്ടികജാതി - പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ മറ്റ് തൊഴിൽമേഖല തേടി പോകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമ ബിരുദധാരികൾക്കായി ഈ സർക്കാർ ജ്വാല എന്ന പേരിൽ പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിയമപഠനം പൂർത്തിയാക്കി എൻറോൾ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബാർ കൗൺസിലിൽ എൻലിസ്റ്റ് ചെയ്ത മുതിർന്ന അഭിഭാഷകരോടൊപ്പവും പട്ടികജാതി വിഭാഗക്കാർക്ക് ഗവ. പ്ലീഡർമാരുടെ ഓഫീസ്, സ്പെഷ്യൽ കോടതികൾ, ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവിടങ്ങളിലും പ്രതിമാസം ഹോണറേറിയത്തോടെ ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.**<br><br>**കൂടാതെ, പട്ടികജാതി- പട്ടികവർഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിർവ്വഹണം നടത്തുന്നതിനും, അത്തരം കേസുകളിൽ ഇരകൾക്ക് ആവശ്യമായ നിയമസഹായം ലഭ്യമാക്കുന്നതിനും, പുനരധിവാസം ഉറപ്പാക്കുന്നതിനും, നിയമം സംബന്ധിച്ച് സമൂഹത്തിൽ ബോധവത്ക്കരണം നടത്തുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ജ്വാല സെൽ രൂപീകരിച്ചിട്ടുണ്ട്. ആയതിലേക്കായി ജില്ലകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 14 ലീഗൽ കൗൺസിലർമാരെയും, ജ്വാല സെല്ലിലേക്ക് ഒരു ലീഗൽ അഡ്വൈസറേയും 3 ലീഗൽ സെൽ കോർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **നിയമ ബിരുദം നേടി അഭിഭാഷകരായി എൻറോൾ ചെയ്ത് പ്രാക്ടീസ് ആരംഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് ആദ്യ മൂന്ന് വർഷങ്ങളിൽ ധനസഹായം അനുവദിക്കുന്ന അഭിഭാഷക ധനസഹായ പദ്ധതി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം പരിശീലനത്തിന്റെ ആദ്യ വർഷത്തിൽ 25,600/- രൂപയും രണ്ടും മൂന്നും വർഷങ്ങളിൽ 22,000/- രൂപ വീതവും പരിശീലനാർത്ഥിയ്ക്ക് ധനസഹായമായി അനുവദിച്ചുവരുന്നു.** |
| (ബി) | ഇവർക്ക് മികച്ച രീതിയിൽ അഭിഭാഷകവൃത്തി ചെയ്യുന്നതിന് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ബി) | **അഭിഭാഷകരംഗത്ത് നിന്നും ചെറിയ തോതിലെങ്കിലും പട്ടികജാതി - പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ മറ്റ് തൊഴിൽമേഖല തേടി പോകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിയമ ബിരുദധാരികൾക്കായി ഈ സർക്കാർ ജ്വാല എന്ന പേരിൽ പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. നിയമപഠനം പൂർത്തിയാക്കി എൻറോൾ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബാർ കൗൺസിലിൽ എൻലിസ്റ്റ് ചെയ്ത മുതിർന്ന അഭിഭാഷകരോടൊപ്പവും പട്ടികജാതി വിഭാഗക്കാർക്ക് ഗവ. പ്ലീഡർമാരുടെ ഓഫീസ്, സ്പെഷ്യൽ കോടതികൾ, ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവിടങ്ങളിലും പ്രതിമാസം ഹോണറേറിയത്തോടെ ഇന്റേൺഷിപ്പ് വ്യവസ്ഥയിൽ പരിശീലനം നൽകുന്നതിനാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.**<br><br>**കൂടാതെ, പട്ടികജാതി-പട്ടികവർഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിർവ്വഹണം നടത്തുന്നതിനും, അത്തരം കേസുകളിൽ ഇരകൾക്ക് ആവശ്യമായ നിയമസഹായം ലഭ്യമാക്കുന്നതിനും, പുനരധിവാസം ഉറപ്പാക്കുന്നതിനും, നിയമം സംബന്ധിച്ച് സമൂഹത്തിൽ ബോധവത്ക്കരണം നടത്തുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ജ്വാല സെൽ രൂപീകരിച്ചിട്ടുണ്ട്. ആയതിലേക്കായി ജില്ലകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 14 ലീഗൽ കൗൺസിലർമാരെയും, ജ്വാല സെല്ലിലേക്ക് ഒരു ലീഗൽ അഡ്വൈസറേയും 3 ലീഗൽ സെൽ കോർഡിനേറ്റർമാരെയും നിയമിച്ചിട്ടുണ്ട്.**<br><br>**നിയമ ബിരുദം നേടി അഭിഭാഷകരായി എൻറോൾ ചെയ്ത് പ്രാക്ടീസ് ആരംഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികൾക്ക് ആദ്യ** |

| | | | |
|---|---|---|---|
| | | | **മൂന്ന് വർഷങ്ങളിൽ ധനസഹായം അനുവദിക്കുന്ന അഭിഭാഷക ധനസഹായ പദ്ധതി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം പരിശീലനത്തിന്റെ ആദ്യ വർഷത്തിൽ 25,600/- രൂപയും രണ്ടും മൂന്നും വർഷങ്ങളിൽ 22,000/- രൂപ വീതവും പരിശീലനാർത്ഥിയ്ക്ക് ധനസഹായമായി അനുവദിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ